**CAPEX**
Kerala State Cashew Workers Apex
Industrial Co-operative Society Ltd.
P. B. No. 262, Industrial Development Plot
H & C Compound, Mundakkal West, Kollam 691 001
Reg No. IND (ST) 12
Phone : 0474 - 2742499, 2765644
FAX - 0474-2747153

email : cashewcapex@rediffmail.com
website : www.cashewcapex.com

**No/Capex/Com/22-23/01** **22-06-2022**

## <u>ക്വട്ടേഷൻ നോട്ടീസ്</u>

കാപ്പെക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിൽ നിന്നും അണ്ടിത്തോട് വിലയ്ക്കെടുക്കുന്നതിലേക്കായി സീൽ വെച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.കാപ്പെക്സിന്റെ 10 ഫാക്ടറികൾക്ക് ഒരുമിച്ചോ പ്രത്യേകമായോ ദർഘാസുകൾ സമർപ്പിക്കാവുന്നതാണ്. ദർഘാസിൽ 1 കിലോ തോടിന്റെ ( തല്ല് തോട്, വെട്ട് തോട് വേർതിരിച്ച്) വില എഴുതേണ്ടതും ഫാക്ടറി ഒന്നിന് 10,000/- രൂപ എന്ന കണക്കിൽ ഇ.എം.ഡി അടയ്ക്കേണ്ടതുമാണ്. ദർഘാസുകൾ 29-06-2022 11.30 മണിക്ക് മുൻപ് കാപ്പെക്സ് ഹെഡ് ഓഫീസിൽ ലഭിക്കേണ്ടതാണ്. അന്ന് തന്നെ 12.00 ന് അപ്പോൾ ഹാജരാകുന്നവരുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതുമാണ്. ഇതേ കുറിച്ച് ഒരു അന്തിമ തീരുമാനം കൈകൊള്ളുന്നതുവരെ ദർഘാസിന് പ്രാബല്യമുണ്ടായിക്കും.

ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ഫാക്ടറി പ്രവർത്തനത്തിന് തടസ്സമുണ്ടാകാത്ത വിധം അതാത് ആഴ്ചയിലെ തോട് നീക്കം ചെയ്യേണ്ടതാണ്. ആയത് കൊണ്ടുപോകാനുള്ള കാലിച്ചാക്ക് കക്ഷികൾ കൊണ്ടു വരേണ്ടതാണ്. ഓരോ ചാക്കിലും തോട് തൂക്കുന്നതിന് മുൻപ് നമ്പർ പാർട്ടി ഇടേണ്ടതാണ്. ഒരു ചാക്കിന്റെ തൂക്കം 35Kg വച്ച് സ്റ്റാൻഡേർഡൈസ് ചെയ്യേണ്ടതാണ്. തോട് വിലയടച്ച് നീക്കം ചെയ്യുന്നതിന് കാലതാമസം ഉണ്ടായാൽ മറ്റൊരു നോട്ടീസ് കൂടാതെ തന്നെ റദ്ദ് ചെയ്യുന്നതിനും ഡെപ്പോസിറ്റ് തുക സൊസൈറ്റിലേക്ക് മുതൽ കൂട്ടുന്നതുമാകുന്നു. അതുമൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയാകുന്നതുമാകുന്നു. ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ അധികൃതരുടെ വാക്കാലോ, രേഖാമൂലമോ ഉള്ള നിർദ്ദേശങ്ങൾ പാലിക്കാൻ ബാധ്യസ്ഥരായിരിക്കും. ദർഘാസ് സംബന്ധിച്ച് സൊസൈറ്റിയിൽ നിലവിലുള്ള എല്ലാ നിബന്ധനകളും ഇതിന് ബാധകമാണ്. അധികൃതർ കൈകൊള്ളുന്ന തീരുമാനം അന്തിമവുമായിരിക്കും. ദർഘാസുകൾ കാരണം കൂടാതെ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം സൊസൈറ്റി അധികൃതരിൽ നിക്ഷിപ്തമായിരിക്കും. കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ഫാക്ടറിയിൽ നിന്നും കാപ്പെക്സിന്റെ ഹെഡ് ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്. സൊസൈറ്റി ജീവനക്കാരോ, അവരുടെ ബന്ധുക്കളോ , ട്രേഡ് യൂണിയൻ പ്രതിനിധികളോ ദർഘാസ് നൽകുവാൻ പാടില്ല.

**മാനേജിംഗ് ഡയറക്ടർ**